## 106

*രീതി : കുണ്ഡിനപുര*

സന്തതം സ്തുതി തവ ചെയ്‌വേനേ ഞാൻ
നിൻതിരുകൃപയോ സാന്ത്വനകരമേ

1 ചന്തം ചിന്തും നിന്തിരുകരമെൻ
ചിന്താഭാരം നീക്കിടുന്നതിനാൽ-

2 എരിതീ സമമായ് ദുരിതം പെരുകി
ദഹനം ചെയ്തിതു ഗുണചയമഖിലവും

3 അന്നാളിൽ നിന്നാശയമുരുകി
വന്നെൻ പേർക്കായ് ക്രൂശിൽ നീ കയറി

4 ഒരു നാൾ തവ കൃപ തെളിവായ് വന്നു
കരളു തുറന്നു കരുതി ഞാനന്നു-

5 എത്താസ്നേഹം കരുതി നീയെന്റെ
ചിത്താമോദം വരുത്തി നീ പരനേ!-

6 എന്തേകും ഞാൻ പകരമിതിന്നു
ചിന്തിച്ചാൽ ഞാനഗതിയെന്നറിവായ്-

7 എൻ നാളെല്ലാം നിന്നുടെ പേർക്കായ്
മന്നിൽ നിൽപ്പാൻ കരുണ നീ ചോരിക **K.V.S.**